## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 134** **13-02-2025 - ൽ മറുപടിയ്ക്ക്**

## ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്താൻ പഠനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മൂന്ന് വർഷത്തിനിടെ അഞ്ചിലേറെ അപകടങ്ങളും പത്തിലേറെ മരണവുമുണ്ടാകുന്ന 500 മീറ്റർ റോഡ് മേഖലയെ ആണോ ബ്ലാക്ക് സ്പോട്ട് ആയി കണക്കാക്കുന്നതെന്ന് അറിയിക്കുമോ; | (എ) | MoRTH Blackspot നിർവചന പ്രകാരം ഏതെങ്കിലും 500 മീറ്റർ നീളമുള്ള റോഡ് ഭാഗത്തിൽ, കഴിഞ്ഞ മുന്ന് വർഷങ്ങൾക്കിടെ അഞ്ചോ അതിലധികമോ അപകടങ്ങൾ (മരണം അല്ലങ്കിൽ ഗുരുതര പരിക്കുകൾ ഉള്ള അപകടങ്ങൾ) നടന്നിട്ടുണ്ടെങ്കിലോ, അല്ലങ്കിൽ പത്തോ അതിലധികമോ മരണം സംഭവിച്ചിട്ടുണ്ടെങ്കിലോ, ആ റോഡ് ഭാഗം അപകട Black spot ആയി കണക്കാക്കുന്നു. |
| (ബി) | ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്താൻ സർക്കാർ ഓരോ വർഷവും പഠനം നടത്തുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | എല്ലാ വർഷവും ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുവാൻ പഠനം നടത്തുന്നില്ല. വിവിധ കാലയളവുകളിൽ black spot മേഖലകൾ കണ്ടെത്തുന്നതിനായി കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പാലിച്ച് NATPAC ന്റെ സഹായത്തോടെ പഠനങ്ങൾ നടത്തുന്നുണ്ട്. ഗതാഗതം, പോലീസ്, പൊതുമരാമത്ത് എന്നിവ സംയുക്തമായാണ് പഠനം നത്തുന്നത്. അപകടങ്ങളുടെ വിവരങ്ങൾ, റോഡിന്റെ അവസ്ഥ, ഗതാഗത രീതി എന്നിവയെല്ലാം പഠനത്തിൽ പരിഗണിക്കും. ഈ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും അവിടെ സുരക്ഷാ നടപടികൾ എടുക്കുകയും ചെയ്യുന്നത്. കേരളത്തിലെ അപകട ബ്ലാക്ക് സ്പോട്ടുകൾ MoRTH ന്റെ ബ്ലാക്ക് സ്ലോട്ടുകളുടെ നിർവചനത്തെ അടിസ്ഥാനമാക്കി മുൻഗണന നൽകുകയും കേരളത്തിലുടനീളമുള്ള ബ്ലാക്ക് സ്പോട്ടുകൾ തിരിച്ചറിയാൻ കേരള റോഡ് സുരക്ഷാ അതോറിറ്റി നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പഠനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ അപകടം കുറയ്ക്കാൻ | (സി) | തിരിച്ചറിഞ്ഞ Black Spot ഇടനാഴികളിൽ അപകടങ്ങൾ ഒഴിവാക്കാൻ തിരുത്തൽ പദ്ധതികളും, |

| | |
|---|---|
| എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ? | ഗതാഗത നിയമലംഘനങ്ങൾ തടയുന്നതിനുള്ള നടപടികളും നടപ്പിലാക്കി. ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2010-11 Black Spot Management Studyഅടിസ്ഥാനത്തിൽ 2010-11-ൽ കണ്ടെത്തിയ 50 Black Spot കളിൽ, പരിഹാര നടപടികൾ ചെയ്യുന്നതിനായി PWDറോഡ് വിഭാഗത്തിന് Rs.4.5 കോടി രൂപ റോഡ് സുരക്ഷാ ഫണ്ട് നൽകി.<br><br>2016-17 Black Spot Management Study അടിസ്ഥാനത്തിൽ 2016-17-ൽ കണ്ടെത്തിയ 275 മുൻഗണനാ Black Spot കളിൽ, പരിഹാര നടപടികൾ ചെയ്യുന്നതിനായി PWD (Roads) വിഭാഗത്തിന് 22.5 കോടി രൂപ റോഡ് സുരക്ഷാ ഫണ്ട് അനുവദിച്ചു.<br><br>2019 Black Spot Management Study അടിസ്ഥാനത്തിൽ 2019-ൽ കണ്ടെത്തിയ 238 Black Spot കളിൽ, 93 അതിതീവ്ര മുൻഗണനാ Black Spotകളിൽ PWD (Roads) വിഭാഗം മുഖാന്തരം റോഡ് മാർക്കിങ്ങും, ട്രാഫിക് സൈൻബോർഡ് സ്ഥാപിക്കലും ഉൾപ്പെടെയുള്ള പ്രാഥമിക Black Spotപരിഹാര നടപടികൾ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി.<br><br>75 അതി തീവ്ര Black Spot-കളുടെ സ്ഥിരമായ പരിഹാര നടപടികൾ NATPAC തയ്യാറാക്കിയ ഡിസൈൻ പ്രകാരം KRSA, വഴി നടപ്പിലാക്കി. ഇതിൽ 25 Black Spot- കളുടെ സ്ഥിരമായ പരിഹാരത്തിനായി Rs.23.5 കോടി രൂപ PWD Roads ന് അനുവദിച്ചു.<br><br>2021 Black Spot Management Study അടിസ്ഥാനത്തിൽ 233 അപകടസാധ്യതയുള്ള റോഡ് സ്ട്രെച്ചുകൾ തിരിച്ചറിഞ്ഞു. ജില്ലാതല DRSCകൾക്ക് ഓരോന്നിനും 10 ലക്ഷം രൂപ വീതം അനുവദിച്ചു. പ്രത്യേകമായി രൂപീകരിച്ച പരിശോധനാ സംഘങ്ങൾ പരിശോധന നടത്തി സുരക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>നാഷണൽ ഹൈവേ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത വിഭാഗവും നിയന്ത്രിക്കുന്ന ദേശീയപാതകളിലെ NATPAC Black Spot പഠനത്തിൽ കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളുടെ ലിസ്റ്റ്, പരിഹാര നടപടികൾക്കായി ബന്ധപ്പെട്ട മേധാവികൾക്ക് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ബ്ലാക്ക് സ്പോട്ടുകളിൽ അപകടം നടക്കാതിരിക്കുന്നതിനായി നിരന്തരം പോലീസ് സാന്നിധ്യം ഉറപ്പുവരുത്തി പട്രോളിങ് നടത്തുകയും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. അശ്രദ്ധമായും, അമിതഭാരം കയറ്റിയും, മദ്യപിച്ചും മറ്റ് ലഹരിപദാർത്ഥങ്ങൾ ഉപയോഗിച്ചും, മൊബൈൽ ഫോൺ ഉപയോഗിച്ചും വണ്ടിയോടിക്കുന്നവർക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ റോഡ് നിയമങ്ങൾ പാലിക്കാതെ വാഹനമോടിക്കുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യാനുള്ള റിപ്പോർട്ടുകൾ യഥാസമയം മോട്ടോർ വാഹന വകുപ്പിന് കൈമാറി വരുന്നുണ്ട്. കൂടാതെ വിവിധ സാമൂഹ്യ മാധ്യമങ്ങളിലൂടെയും നേരിട്ടും റോഡിൽ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ച് പൊതുസമൂഹത്തിന് നിരന്തരം ബോധവൽകരണം നൽകിവരുന്നു. കൂടാതെ ട്രാഫിക് നിയമങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും സുരക്ഷമുന്നറിയിപ്പ് ബോർഡുകൾ, ഡിവൈഡറുകൾ എന്നിവ അപകട മേഖലകളിൽ സ്ഥാപിച്ചും വരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പും ആഭ്യന്തര വകുപ്പും സംയുക്ത വാഹന പരിശോധനയും നടത്തുന്നു. |

സെക്ഷൻ ഓഫീസർ